ഉത്തരം

(എ) 2015 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം 69 ഗ്രാമപഞ്ചായത്തുകൾ പുതുതായി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചത്.

പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തിക

257 (1629) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തികയിലെ ഒഴിവ് എന്നു മുതലാണുണ്ടായതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവില്ല.

(ബി) ബാധകമല്ല.

ഉൽപ്പാദനമേഖലയിൽ ചെലവഴിച്ച തുക

258 (1630) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇത് ആകെ ചെലവഴിച്ച തുകയുടെ എത്ര ശതമാനമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിനത്തിൽ ഉൽപ്പാദനമേഖലയിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	തുക (കോടിയിൽ)
2011-2012	358.73
2012-2013	242.07
2013-2014	324.52
2014-2015	352.76

(ബി)

വർഷം	ശതമാനം
2011-2012	13.51
2012-2013	8.84
2013-2014	8.28
2014-2015	8.76

കുടുംബശ്രീ പദ്ധതികൾ

259 (1631) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് ; വ്യക്തമാക്കാമോ ;

(ബി) Anti-human trafficking എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ; ഇതിന് നീക്കിവച്ച തുക എത്രയാണ് ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ anti human trafficking പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; ഈ ജില്ലകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly